# പതിമൂന്നാം കേരള നിയമസഭ
## പന്ത്രണ്ടാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.1058 04.12.2014 -ലെ മറുപടിയ്ക്ക്

## റൂസ പദ്ധതി നടപ്പാക്കൽ

*ചോദ്യം*

ശ്രീ. റ്റി.എൻ.പ്രതാപൻ
ശ്രീ.വർക്കല കഹാർ
ശ്രീ.വി.റ്റി. ബൽറാം
ശ്രീ.അൻവർ സാദത്ത്

*ഉത്തരം*

ശ്രീ. പി.കെ. അബ്ദു റബ്ബ്
(വിദ്യാഭ്യാസ വകുപ്പ് മന്ത്രി)

| | | | |
|---|---|---|---|
| (എ) | ഉന്നത വിദ്യാഭ്യാസ ഗുണമേന്മ ഉയർത്താനുള്ള കേന്ദ്രാവിഷ്കൃത പദ്ധതിയായ റൂസ (ആർ.യു.എസ്.എ.) നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ; വിശദമാക്കുമോ; | (എ) | റൂസ പദ്ധതി നടപ്പാക്കുന്നതിനുള്ള സന്നദ്ധത കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ട്. ഇതു സംബന്ധിച്ച ഒരു സമ്മതപത്രം കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. |
| (ബി) | പദ്ധതി പ്രകാരം എന്തെല്ലാം ലക്ഷ്യങ്ങളാണ് കൈവരിക്കാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാമാണ്; | (ബി) | 1. 18 നും 23 നും ഇടയ്ക്ക് പ്രായമുള്ള ഇന്ത്യൻ ജനതയുടെ ഉന്നത വിദ്യാഭ്യാസ പ്രവേശനം നിലവിലുള്ള 19.4% ൽ നിന്നും 13-ാം പദ്ധതികാലത്തിനകം 34% ആയി ഉയർത്തുക.<br>2. Access,Equity,Excellance എന്നിവ മുൻനിർത്തി നിലവിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും അധ്യാപകരുടെയും നിലവാരം ഉയർത്തുക, വിദ്യാഭ്യാസ-പരീക്ഷാ പരിഷ്കാരം നടപ്പിലാക്കുക, നിലവിലുള്ള തെരെഞ്ഞെടുത്ത കോളേജുകളെ സർവ്വകലാശാലകളായി ഉയർത്തുക, പിന്നോക്ക വിഭാഗങ്ങൾ /വനിതകൾ /ഭിന്നശേഷിയുള്ളവർ എന്നിവർക്ക് ഉന്നത |

| | | | |
|---|---|---|---|
| | | | വിദ്യാഭ്യാസരംഗത്ത് തുല്യത ഉറപ്പാക്കുക, ഗവേഷണങ്ങൾക്കും നൂതന ആശയങ്ങൾക്കും പ്രാമുഖ്യം നൽകുക. |
| (സി) | പദ്ധതി നടത്തിപ്പിന്റെ കേന്ദ്ര സംസ്ഥാന വിഹിതങ്ങൾ എത്രയാണ്; വിശദമാക്കുമോ; | (സി) | 65% കേന്ദ്ര വിഹിതവും 35% സംസ്ഥാന സർക്കാർ വിഹിതവും |
| (ഡി) | പദ്ധതി നടത്തിപ്പിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ എന്തെല്ലാമാണ്? | (ഡി) | ഹയർ എഡ്യൂക്കേഷൻ പ്ലാൻ തയ്യാറാക്കുന്നതിന് വേണ്ടി ഒരു ടെക്നിക്കൽ സപ്പോർട്ട് ഗ്രൂപ്പ് രൂപീകരിച്ചിട്ടുണ്ട്.<br><br>പദ്ധതി പ്രവർത്തനം ഏകോപിപ്പിക്കുന്നതിനായി സംസ്ഥാന തലത്തിൽ ഒരു പ്രോജക്ട് ഡയറക്ടറേയും അദ്ദേഹത്തിനെ സഹായിക്കാനായി ഒരു സെല്ലും രൂപീകരിച്ചിട്ടുണ്ട്. 12-ാം പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനായി 1133.56 കോടി രൂപയുടെ ശുപാർശകൾ കേന്ദ്രത്തിന് സമർപ്പിച്ചിട്ടുണ്ട്. ഇതിൻമേൽ റൂസ മിഷൻ ചില വിശദീകരണങ്ങൾ ആരാഞ്ഞതിന്റെ അടിസ്ഥാനത്തിൽ പദ്ധതി പുതുക്കി സമർപ്പിച്ചിട്ടുണ്ട്. റൂസ പദ്ധതിയ്ക്ക് വേണ്ടി കേന്ദ്രവിഹിതം ഉൾപ്പെടെ 4 കോടി രൂപ 2014-15 ൽ വകയിരുത്തിയിട്ടുണ്ട്. കൂടാതെ റൂസ ഫണ്ട് നിക്ഷേപിക്കുന്നതിനായി കാനറാ ബാങ്കിൽ ഒരു ജോയിന്റ് അക്കൗണ്ട് തുടങ്ങിയിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**